(ഡി) കേരളത്തിൽ പ്രവർത്തിച്ചിരുന്ന ചന്ദന ഫാക്ടറി ഉടമകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.†

(ഇ) കേരളത്തിൽ അനധികൃതമായി പ്രവർത്തിച്ചുവന്നിരുന്ന 23 ചന്ദന ഫാക്ടറികൾ സ. ഉ. (എം.എസ്സ്.) 17/2005/വനം തീയതി 9-2-2005 എന്ന ഉത്തരവ് പ്രകാരം പൂട്ടിയിട്ടുണ്ട്. ഇപ്പോൾ കേരളത്തിൽ ചന്ദന ഫാക്ടറികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് പുറപ്പെടുവിച്ച ഓർഡിനൻസ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമി

92 [274] *ശ്രീ. കെ. പി. മോഹനൻ :*

„ *എ. സി. ഷൺമുഖദാസ് :*

„ *സി. കെ. നാണു :*

ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് പുറപ്പെടുവിച്ച ഓർഡിനൻസ് പ്രകാരം എത്ര ഏക്കർ ഭൂമി സർക്കാരിൽ നിക്ഷിപ്തമായി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് മാറ്റം വരുത്തി നിയമം പാസ്സാക്കിയതിന്റെ ഫലമായി അതിൽ എത്ര ഏക്കർ ഭൂമി തിരിച്ച് നൽകേണ്ടതായി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 27272.43 ഏക്കർ (11037 ഹെക്ടർ) ഭൂമി സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്.

(ബി) ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് മാറ്റം വരുത്തി നിയമം പാസ്സാക്കിയതിന്റെ ഫലമായി നിക്ഷിപ്തമാക്കിയ ഭൂമി ഒന്നും തന്നെ ഇതുവരെ തിരികെ നൽകിയിട്ടില്ല.

(സി) 'ബി' യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly